# അറിയാതെ അകപ്പെടുന്നതോ അതോ അതിമോഹമോ ?

അഡ്വ. ഷെറി ജെ തോമസ്

കേരളത്തിൽ എല്ലാത്തിനും ഓരോ സീസണുകളുണ്ട്. അത് കച്ചവടകാര്യങ്ങളിൽ മാത്രമല്ല, ക്രിമിനൽ കേസിലും ഉണ്ടെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു. ഒരിടയ്ക്ക് സന്തോഷ് മാധവൻമാരുടെയും സാന്റിയാഗോ മാർട്ടിൻമാരുടെയും ക്രിമിനൽ കഥകളാണ് വാർത്തയെങ്കിൽ ഇപ്പോൾ ഫ്ളാറ്റ്, മണി ചെയിൻ നിക്ഷേപകഥകളും അതിന്റെ പേരിൽ പണം നഷ്ടമായവരുടെ കേസുകളുമാണ് ചൂടുള്ള വാർത്ത.

**മണി ചെയിൻ - മണി സർക്കുലേഷൻ നിയമപരമാണോ ?**

പല അധികാര കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ ചേർത്തുവച്ച് ലാമിനേറ്റു ചെയ്ത് വിലപിടിപ്പുള്ള പേപ്പറുകളിൽ അച്ചടിച്ച ബ്രോഷറുകൾ നിരത്തിയാണ് ആദ്യം ചർച്ച തുടങ്ങുക. ഈ ബിസിനസ്സിലൂടെ വൻതുകകൾ നേട്ടമുണ്ടാക്കി വിദേശ യാത്രകളും ആഡംഭര കാറുകളും സ്വന്തമാക്കിയവരുടെ കഥകളും പറയാൻ ഉണ്ടാകും. കമ്പനി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, മറ്റ് അന്താരാഷ്ട്ര രജിസ്ട്രേഷനുകൾ, വിദേശ രാജ്യങ്ങളിലെ കമ്പനി ഓഫീസുകൾ തുടങ്ങിയവയുടെയൊക്കെ രേഖകൾ കാണുമ്പോൾ സ്വാഭാവികമായും ജീവിത ഉയർച്ച സ്വപ്നം കാണുന്ന മനുഷ്യന്റെ മനം കിളിർക്കും. വൈറ്റ് കോളർ ജോലി തേടുന്ന ചെറുപ്പക്കാർക്ക് മുഴുവൻ സമയം ബിസിനസ്സ്, റിട്ടയർ ചെയ്തവർക്കും, വീട്ടമ്മമാർക്കും പാർട്ട് ടൈം അങ്ങനെ പല തരത്തിൽ ഓഫറുകൾ ഉണ്ടാകും. പെട്ടിക്കട തുടങ്ങണമെങ്കിലും നിക്ഷേപം വേണമല്ലോ എന്ന ചോദ്യത്തിന് വേണ്ടിവരുമെന്നു തന്നെയാണല്ലോ മറുപടി. അതുകൊണ്ടു പിന്നെ ലാഭകരമായ പുതിയ ബിസിനസ്സിന് കുറച്ച് നിക്ഷേപം നടത്തുന്നതിൽ എന്തു തെറ്റ്. പുത്തൻ കാർ, വിദേശയാത്ര, ഉയർന്ന നിലവാരമുള്ള ജീവിതം - ഇവയൊക്കെ ആഗ്രഹിച്ച് പ്രലോഭനങ്ങളിൽ വഴങ്ങി ചെയിനിൽ, അംഗങ്ങളാകും.

എല്ലാത്തരം മണി ചെയിനുകളും നിയമവിരുദ്ധമാണെന്നാണ് 1978 ലെ പ്രൈസ് ചിട്ട്, മണി സർക്കുലേഷൻ സ്കീം നിരോധന നിയമം പറയുന്നത്. ജമ്മു കാശ്മിരിലൊഴികെ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ആരും തന്നെ പ്രൈസ് ചിട്ട് നടത്തുകയോ മണി സർക്കുലേഷൻ സ്കീമുകൾ (മണി ചെയിൻ) പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്. അതിൽ അംഗമാകുന്നതും അതുമായി ബന്ധപ്പെട്ട് പണം സ്വീകരിക്കുന്നതും നിക്ഷേപിക്കുന്നതും നിയമപരമായി നിരോധിക്കപ്പെട്ടിരിക്കുന്നു. ഇത്തരം ഇടപാടുകളിൽ ചേരുകയോ ആളെ ചേർപ്പിക്കുകയോ, പണം നിക്ഷേപിക്കുകയോ പണം വാങ്ങകുയോ ചെയ്യുന്നത് 3 വർഷം വരെ തടവോ 5000 രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കുന്നതിനു തക്ക രീതിയിൽ ശിക്ഷാർഹമാണ്.

**ഏതൊക്കെയാണ് മണി ചെയിൻ - മണി സർക്കുലേഷൻ പരിധിയിൽ വരുന്നത് ?**

എന്തു പേരിട്ട് വിളിച്ചാലും മണി സർക്കുലേഷൻ നിയമത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതെല്ലാം നിരോധിച്ചിരിക്കുന്നു. മൾട്ടി ലെവൽ മാർക്കറ്റിംഗ്, ഉൽപ്പന്നങ്ങളുടെ വിൽപ്പന ഇവയൊക്കെ മുഖ്യധാരയാക്കിയുള്ള പല മണി സർക്കുലേഷൻ സ്കീമുകളും ഇന്ന് കേരളത്തിൽ സജീവമാണ്. ഇതിന്റെ ഭാഗമായി ലഭിക്കുന്ന മോട്ടിവേഷൻ ക്ളാസുകളിലൂടെ ഒരു പരിധിവരെ വിദ്യാഭ്യാസപരമായി താഴ്ന്ന നിലയിലുള്ളവർക്കുപോലും വ്യക്തിത്വവികസനത്തിനു സാഹചര്യമുണ്ടായി എന്നത് സത്യമാണ്. എന്നാൽ, നേരിട്ടോ അല്ലാതെയൊ മറ്റൊരാൾ സ്കീമിൽ ചേരുന്നതനുസരിച്ച്, അല്ലെങ്കിൽ മറ്റൊരാളുടെ അംഗത്വവുമായി ബന്ധപ്പെട്ട് എളുപ്പത്തിൽ പെട്ടന്ന് പണമോ എന്തെങ്കിലും വിലപ്പെട്ട വസ്തുക്കളോ ലഭിക്കുന്നതെല്ലാം മണി സർക്കുലേഷൻ സ്കീമിൽ ഉൾപ്പെടും. ചുരുക്കത്തിൽ, സ്കീമിൽ മറ്റ് വ്യക്തികളുടെ അംഗത്വവുമായി ബന്ധപ്പെട്ടോ

അതിനെസംബന്ധിച്ചുണ്ടാകുന്ന കാര്യങ്ങളിലൂടെ പണമോ മറ്റ് വിലപ്പെട്ട വസ്തുവോ ലഭിക്കുന്നതായ എല്ലാ സ്കീമുകളും നിരോധിച്ചിരിക്കുന്നു. ഇത്തരം സ്കീമുകൾ നടത്തുന്നവർ മാത്രമല്ല, അതിൽ ചേരുന്നവരും അതിൽ മറ്റാളുകളെ ചേർക്കാൻ പ്രവർത്തനങ്ങൾ നടത്തുന്നവരും ഈ നിയമപ്രകാരം തുല്യ ശിക്ഷയ്ക്കർഹരാണ്. ഇത്തരം സ്കീമുകൾ വിപണിയിൽ, ജനങ്ങളുടെയിടയിൽ വ്യാപിപ്പിക്കുന്നതിനും അതിന്റെ പ്രോത്സാഹനത്തിനായി പരസ്യങ്ങളോ ലീഫ്ലെറ്റുകളോ പ്രിന്റ് ചെയ്യുന്നതും കൈവശം വയ്ക്കുന്നതും ശിക്ഷാർഹമാണ്. ഈ സ്കീമുകളുടെ വിപണനത്തിനായി ഏതെങ്കിലും സ്ഥലം ഉപയോഗിക്കുന്നതും ശിക്ഷാർഹമാണ് ഇതിന്റെ പരസ്യം നൽകുന്ന പത്രങ്ങൾ പിടിച്ചെടുക്കാൻ പോലും ഈ നിയമത്തിൽ വ്യവസ്ഥകളുണ്ട്.

**പോലീസിന്റെ അധികാരം**

മണി സർക്കുലേഷൻ എന്ന നിർവ്വചനത്തിൽ വരുന്ന ചെയിൻ സ്കീമുകൾ നടത്തുന്ന സ്ഥലങ്ങളിൽ സബ് ഇൻസ്പെക്ടറിനു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന് എപ്പോൾ വേണമെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി സെർച്ച് നടത്താം, സാധനങ്ങൾ പിടിച്ചെടുക്കുകയോ ചെയ്യാം. മണി ചെയിൻ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ നടത്തിപ്പുകാരെ രേഖകൾ സഹിതം കസ്റ്റഡിയിൽ എടുത്ത് കോടതിയിൽ ഹാജരാക്കാം.

ഇപ്പോൾ ഉയർന്നുവരുന്ന ഒരു വിഷയം ഇത്തരം സ്കീമുകളിൽ വഞ്ചിതരായവരിൽ പരാതി നൽകാൻ മുന്നോട്ടുവരുന്നവർ വിരളമാണ്. ചേരുന്നവരും ചേർപ്പിച്ചവരും ഒരു പൊലെ ഈ നിയമപ്രകാരം കുറ്റക്കാരാണെന്ന കാര്യം അറിഞ്ഞാണോ എന്തോ പരാതി നൽകാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കുറവു തന്നെയാണ്. 2008 ലെ കുര്യാച്ചൻ ചാക്കോ കേസിൽ സുപ്രീം കോടതി വിധിയിൽ പറഞ്ഞത്, ഇത്തരം സ്കീമുകളുടെ പ്രമോട്ടർമാർ വാഗ്ദാനം ചെയ്യുന്ന കാര്യങ്ങൾ നടക്കാത്തവയാണെന്ന് അവർക്കു തന്നെ അറിയാമെന്നതിനാൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വഞ്ചനാക്കുറ്റത്തിന്റെ പരിധിയിലും ഉൾപ്പെടുന്നു എന്നതിൽ തർക്കമില്ലെന്നാണ്. 1982 ലെ സ്വപൻ കുമാർ കേസിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡും ഇതേ വ്യാഖ്യാനം നടത്തിയിരുന്നു. മണി സർക്കുലേഷൻ സ്കീമുകശ നിരോധിച്ചുകൊണ്ടുള്ള നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്ത് 1981 വന്ന ശ്രീനിവാസ എന്റർപ്രൈസസ് കേസിൽ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട പണമാണ് ഇങ്ങനെ പ്രലോഭനങ്ങളിൽ വഴങ്ങി നശിപ്പിക്കുന്നതെന്നായിരുന്നു നിരീക്ഷിച്ചത്. ഇത്തരം സ്കീമുകൾ പൊതു താൽപ്പര്യത്തിനും രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്കും വിരുദ്ധമാണെന്നും കോടതി ചൂണ്ടിക്കാട്ടിയിരുന്നു.